നടപടി ക്രമം
അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി , എൻ .സി സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും ) സംസ്ഥാന വിഭാഗം, തിരുവനന്തപുരം
(ഹാജർ : മേജർ ജനറൽ ജെ എസ് മങ്കത്ത്, വി എസ് എം)

എൻ.സി.സി ജീവനക്കാര്യം – 28 കേരള ബറ്റാലിയൻ എൻ.സി.സി, ഒറ്റപ്പാലത്തിലേക്ക് പാർട്ട് ടൈം സ്വീപ്പറുടെ നിയമനം സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ.0536/എ6–എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി : 19 ഫെബ്രുവരി 2024

---

സൂചന : (1) പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ 06 ഡിസംബർ 2023 തീയതിയിലെ ഉത്തരവ് നമ്പർ 18–2023/2500.

(2) എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോടിന്റെ 24 ജനുവരി 2024 തീയതിയിലെ 151/Est–III/Units നമ്പർ കത്ത്.

## ഉത്തരവ്

1. 28 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിൽ നിലവിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് പാലക്കാട് എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് നാമനിർദ്ദേശം ചെയ്തിട്ടുള്ള ചുവടെ പരാമർശിക്കുന്ന ഉദോഗാർത്ഥിയെ കോഴിക്കോട് ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ സൂചന കത്ത് (2) പ്രകാരം നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും | ജനന തീയതി | ജാതിയും മതവും | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1. | ശ്രീ സുരേഷ് ബാബു പി. കെ<br>S/0 കുട്ടൻ പി.എസ്<br>പുലക്കൽ ഹൗസ്<br>പൂക്കൊടി<br>മങ്കര പി ഒ<br>പാലക്കാട് – 678613 | 30.11.1976 | ഹിന്ദു/<br>ഈഴവ | എസ്.എസ്.എൽ.സി |

2. മേൽപറഞ്ഞ ഉദ്യോഗാർത്ഥിയെ (13,000 – 21,080/–) (പുതുക്കിയ സ്കെയിൽ) രൂപ ശമ്പള നിരക്കിൽ പാർട്ട് ടൈം സ്വീപ്പറായി 28 കേരള ബറ്റാലിയൻ എൻ.സി.സി, ഒറ്റപ്പാലം ഓഫീസിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

3. ശ്രീ സുരേഷ് ബാബു പി. കെ എന്ന ഉദ്യോഗാർത്ഥി തന്റെ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി, മതം, സ്വഭാവം (ഫാറം 2–ൽ രണ്ട് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ്) ക്രീമിലെയർ മുതലായവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം 28 കേരള ബറ്റാലിയൻ എൻ.സി.സി, ഒറ്റപ്പാലം ഓഫീസ് മേധാവി മുൻപാകെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഹാജരാകേണ്ടതാണ്. കൂടാതെ, സർക്കാർ ഉത്തരവ് നമ്പർ. GO (P) No.20/211/P&ARD തീയതി 30.06.2021–ൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിലുള്ള ഡിഗ്രിയിലുള്ള അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

4. കൂടാതെ പ്രസ്തുത ഉദ്യോഗാർത്ഥി 1975–ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ ജോലിയിൽ പ്രൊബേഷണറായി തുടരേണ്ടതാണ്.

5. 28 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസ് മേധാവി ഉദ്യോഗാർത്ഥിയുടെ സർട്ടിഫിക്കറ്റുകൾ സൂക്ഷ്മ പരിശോധന നടത്തി ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. രണ്ട് ഗസറ്റഡ് ഉദ്യോസ്ഥർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് പ്രവേശന റിപ്പോർട്ടിനോടൊപ്പം ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

6. ടി ഉദ്യോഗാർത്ഥി ജോലിക്ക് ഹാജരാകുമ്പോൾ, എംപ്ലോയ്മന്റ് എക്സ്ചെഞ്ചിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ട സമയത്ത് ഹാജരാക്കിയ വിവരങ്ങൾ തെറ്റാണെന്ന് പിന്നീട് പരിശോധനയിൽ ബോധ്യമാകുകയോ, ഉദ്യോഗാർത്ഥിയെ തെറ്റായാണ് നാമനിർദ്ദേശം ചെയ്തതെന്ന് തെളിയുകയോ ചെയ്യുന്ന പക്ഷം, പ്രസ്തുത വ്യക്തിക്ക് വിശദീകരണം നല്കാൻ ന്യായമായ അവസരം നൽകിയതിന് ശേഷം, അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ ഉടൻ തന്നെ പിരിച്ച് വിടുന്നതായിരിക്കും. ഇതു സംബന്ധിച്ച് സമ്മതപത്രം ഉദ്യോഗാർത്ഥിയിൽ നിന്നും വാങ്ങി സേവന പുസ്തകത്തിൽ സൂക്ഷിക്കേണ്ടതാണ്.

ഒപ്പ്/-
**അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി**

പകർപ്പ്:-

1. ശ്രീ സുരേഷ് ബാബു പി. കെ
S/O കുട്ടൻ പി.എസ്
പുലക്കൽ ഹൗസ്
പൂക്കൊടി, മങ്കര പി ഒ
പാലക്കാട് – 678613

2. കമാണ്ടിംഗ് ഓഫീസർ
28 കേരള ബറ്റാലിയൻ എൻ.സി.സി
ഒറ്റപ്പാലം

3. ഗ്രൂപ്പ് കമാണ്ടർ
എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
കോഴിക്കോട്

4. ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച്
പാലക്കാട്

5. ഇന്റേർണൽ .എ2-II/സ്റ്റോക്ക് ഫയൽ

**അംഗീകാരത്തോടെ**

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram-10